**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2332** **30-09-2025 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ മണ്ണാർക്കാട് മണ്ഡലത്തിൽ നിന്നും എത്ര റേഷൻ കാർഡുകൾ മുൻഗണന പട്ടികയിലും അന്ത്യോദയ അന്ന യോജന വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായുള്ള അപേക്ഷകൾ ലഭിച്ചു എന്നതിന്റെ വിവരം നൽകാമോ; | (എ) | 2021 മുതൽ 2025 ആഗസ്റ്റ് വരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് (PHH) മാറ്റുന്നതിന് 11805 അപേക്ഷകളും, എ.എ.വൈ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 3453 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര അപേക്ഷകളിൽ തീരുമാനമെടുത്തുവെന്നും എത്ര അപേക്ഷകൾ നിരസിച്ചുവെന്നതിന്റെയും വിവരം നൽകാമോ; | (ബി) | ലഭ്യമായ എല്ലാ അപേക്ഷകളിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. PHH വിഭാഗത്തിലേയ്ക്ക് ലഭിച്ച 11805 അപേക്ഷകളിൽ അർഹരായ 7616 പേർക്ക് മുൻഗണനാ കാർഡ് അനുവദിക്കുകയും,അനർഹരെന്ന് കണ്ടെത്തിയ 4189 അപേക്ഷകൾ നിരസിക്കുകയും ചെയ്തിട്ടുണ്ട്. എ.എ.വൈ. വിഭാഗത്തിലേയ്ക്ക് ലഭിച്ച 3453 അപേക്ഷകളിൽ അനർഹരെന്ന് കണ്ടെത്തിയ 55 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 3123 പേർക്ക് എ.എ.വൈ. കാർഡുകൾ അനുവദിക്കുകയും, അർഹരെന്ന് കണ്ടെത്തിയ 275 പേർക്ക് ഒഴിവ് വരുന്ന മുറയ്ക്ക് AAY കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇനിയും തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ